പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. *536 | 24.07.2015 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മധുരപാനീയങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. മോയിൻ കുട്ടി<br>" കെ. എം. ഷാജി<br>" പി.ബി. അബ്ദുൾ റസാക്<br>" അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | മധുരപാനീയങ്ങളുടെ ഉപയോഗം മൂലം ലോകത്ത് പ്രതിവർഷം രണ്ടുലക്ഷത്തോളം പേർ മരിക്കുന്നുണ്ടെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | സംസ്ഥാനത്ത് കൃത്രിമ ഹെൽത്ത് ഡ്രിങ്കുകളുൾപ്പെടെയുള്ള മധുര പാനീയങ്ങളുടെ നിർമ്മിതിയും വിപണനവും വ്യാപകമാകുന്നത് യുവജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; | ബി) | . ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ? | സി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കൃത്രിമ ഹെൽത്ത് ഡ്രിങ്കുകൾ വിവിധ പേരുകളിലിറങ്ങുന്ന എനർജി ഡ്രിങ്കുകൾ എന്നിവയുടേതുൾപ്പെടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുവാനും കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഇതിനകം നിർദ്ദേശം നൽകി |

| | | | |
|---|---|---|---|
| | | | യിട്ടുള്ളതാണ്. അത്തരം ഭക്ഷണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്ക്കരിക്കുന്നത് കൂടുതൽ ഫലപ്രദമാണ് എന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ മിഷൻ 676 ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് വളരെ കാര്യക്ഷമമായി നടപ്പിലാക്കിയ പദ്ധതിയാണ് "**സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം**" പദ്ധതി. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ജീവിത ശൈലി രോഗങ്ങളായ ജംഗ് ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുകളായ ഗുഡ്ക പാൻമസാല എന്നിവയെ കുറിച്ചുള്ള ദൂഷ്യവശങ്ങളെപ്പറ്റി ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകി വരുന്നു. ഇതിനാവശ്യമായ ലഘുലേഖകൾ, സിഡികൾ മറ്റു പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്നതാണ്. ഇതിനകം തന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശീലനം നൽകി കഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തി കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടു കൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ